(ബി) എങ്കിൽ 2015 ജനുവരി മുതൽ നടത്തിയ പരിശോധനകളിൽ, വാഹന ദുരുപയോഗം നടത്തിയവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ, ഈടാക്കിയ പിഴ, മറ്റ് നടപടികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സർക്കാർ വാഹന ദുരുപയോഗത്തിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന പിഴ എത്രയാണ്; പ്രസ്തുത പിഴ വർദ്ധിപ്പിച്ച് വാഹന ദുരുപയോഗം തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വാഹന ദുരുപയോഗം ആവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധന നടത്താറുണ്ട്.

(ബി) 2015 ജനുവരി മുതൽ നടത്തിയ പരിശോധനകളിൽ വാഹന ദുരുപയോഗം നടത്തിയവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ, ഈടാക്കിയ പിഴ, മറ്റ് നടപടികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിൽ* കാണാവുന്നതാണ്.

(സി) 24-2-2003-ലെ സ. ഉ. (എംഎസ്.) നമ്പർ 113/03/ധന. അനുസരിച്ച് വാഹന ദുരുപയോഗം കണ്ടെത്തിയാൽ പ്രസ്തുത വാഹനം, കഴിഞ്ഞ ഒരു കലണ്ടർ വർഷത്തിൽ ഏറ്റവും കൂടുതൽ ദൂരം യാത്ര ചെയ്ത മാസത്തെ ഇന്ധന ചെലവ് കണക്കാക്കുകയും ആയതിന്റെ പകുതി തുക പിഴ ഇനത്തിൽ ഈടാക്കുന്നതുമാണ്.

പിഴത്തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല. എന്നാൽ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് സമഗ്രമായ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) വാഹന ദുരുപയോഗം ആവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നടപ്പാക്കാൻ കഴിയാതെ പോയതുമായ പദ്ധതികൾ

71 (3175) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തെയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും എന്നാൽ നടപ്പാക്കാൻ കഴിയാതെ പോയതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കാതെ പോയ സാഹചര്യം വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ബഡ്ജറ്റുകളിൽ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അവയിൽ ഒട്ടുമിക്ക സുപ്രധാന പദ്ധതികളും ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ചില പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നു. ദീർഘകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ട ചില പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. ഭരണാനുമതി, സാങ്കേതികാനുമതി, പാരിസ്ഥിതികാനുമതി, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കാരണങ്ങളാൽ ചില പദ്ധതികൾ ഇതുവരെയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ വകുപ്പുകളിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തെയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും എന്നാൽ പൂർണ്ണമായും നടപ്പാക്കാൻ കഴിയാതെ പോയതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

നടപ്പിലാക്കിയ പദ്ധതികൾ

72 (3176) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 സാമ്പത്തികവർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ അഞ്ച് കോടി രൂപയിൽ കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്ന എത്ര പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു; അവ ഏതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ സാമ്പത്തിക വർഷത്തിലും എത്ര എണ്ണം നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2013-14, 2014-15 ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച 5 കോടി രൂപയിൽ കൂടുതൽ തുക ചെലവ് വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ചതിൽ ഒട്ടുമിക്ക പദ്ധതികളും ഇതിനോടകം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly